# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3475 : 14/10/2011 -ൽ മറുപടിക്ക്**

## പുതിയ വ്യവസായ നയം

**ചോദ്യം** | **ഉത്തരം**

ശ്രീ. ചിറ്റയം ഗോപകുമാർ

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**

(വ്യവസായവും

വിവരസാങ്കേതികവും നഗരകാര്യവും

വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗ്രാമപ്രദേശങ്ങളിലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യത പ്രയോജനപ്പെടുത്തി പ്രാദേശികാടിസ്ഥാനത്തിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള വ്യാപകമായ നടപടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുമോ; | (എ) | സംസ്ഥാനത്ത് ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഉല്പാദന സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ നൽകി വരുന്നുണ്ട്. മേൽ പറഞ്ഞ സൗകര്യങ്ങൾ ഗ്രാമപ്രദേശങ്ങളിലും ലഭ്യമാണ്. |
| (ബി) | എങ്കിൽ നിലവിൽ ഏതൊക്കെ പദ്ധതികളാണ് ഇതിനു വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ളത്; ഇനിയും കൂടുതൽ പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തുമോ; | (ബി) | 1. ചെറുകിട വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു.<br>2. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകൽ.<br>3. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ്, പരിശീലനം എന്നിവ നല്കുന്നു.<br>4. ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസുകളും ലൈസൻസുകളും |

| | | | |
|---|---|---|---|
| | | | വേഗമാക്കൽ.<br><br>5. വ്യവസായ സംരംഭകർക്ക് സെമിനാറുകളും പരിശീലനവും നടത്തുക.<br><br>6. പ്രദർശന വിപണന മേളകളിലൂടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഒരുക്കുക.<br><br>7. വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുക.<br><br>8. ലഘു ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റുവരവ് സംബന്ധിച്ച് തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ, സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br><br>9. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കുന്നതിനായി സംവിധാനം.<br><br>10. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ.<br><br>11. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br><br>12. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.<br><br>13. സാങ്കേതിക വിദ്യാ വികസന നിധി. |

| | | | |
|---|---|---|---|
| | | | 14. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലാബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br><br>15. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ളസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജന പ്പെടുത്തുന്നു.<br><br>16. വ്യവസായം തുടങ്ങുന്ന തിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.<br><br>17. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | ഈ പദ്ധതികളിൽ അടൂർ മണ്ഡ ലത്തെക്കൂടി പരിഗണിക്കുമോ ? | (സി) | സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ഉത്തരം (ബി)യിൽ പ്രതിപാദിച്ചിട്ടുള്ള പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ